# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1689 — 01.11.2019 ലെ മറുപടിക്ക്

## പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിട നിർമ്മാണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതൊരു സ്ഥലത്തും കെട്ടിട നിർമ്മാണത്തിനും നിലവിലുള്ള കെട്ടിടത്തിന്റെ ഘടനയിൽ മാറ്റം വരുത്തുന്നതിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്ന് പെർമിറ്റ് വാങ്ങണമെന്ന് നിബന്ധനയുണ്ടോ; | (എ) | ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ വിപുലീകരിക്കുകയോ മാറ്റം വരുത്തുകയോ അല്ലെങ്കിൽ അതിന് കാരണമാവുകയോ ചെയ്യുന്ന ഏതൊരു നിർമ്മാണ പ്രവൃത്തിക്കും പ്രത്യേകമായി തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്ന് പെർമിറ്റ് വാങ്ങണമെന്ന് നിർബന്ധമുണ്ട്. |
| (ബി) | പെർമിറ്റ് വാങ്ങണമെന്ന നിബന്ധനയിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണങ്ങൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ടോ; | (ബി) | 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ ചട്ടം 9, 10 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളെ പെർമിറ്റ് വാങ്ങണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 83, 132, 133 എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള നിർമ്മാണങ്ങളെയും പെർമിറ്റ് വാങ്ങണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | കെ.എം.ബി.ആർ, കെ.പി.ബി.ആർ ചട്ടം 9, 10 എന്നിവയിൽ പ്രതിപാദിക്കുന്ന ഏതൊക്കെ തരം നിർമ്മാണങ്ങൾക്കാണ് പെർമിറ്റ് ആവശ്യമില്ലാത്തത് എന്ന് വ്യക്തമാക്കാമോ ? | (സി) | ചട്ടം 9 പ്രകാരം താൽക്കാലികമോ സ്ഥിരമോ ആയ പ്രവർത്തനങ്ങൾക്കോ പരിപാലനത്തിനോ വികസനത്തിനോ അല്ലെങ്കിൽ താഴെയുള്ള ഏതെങ്കിലും സേവനങ്ങളുടെ നിർവ്വഹണത്തിനോ ആവശ്യമായ കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ ചുവടെപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ ചട്ടങ്ങളിൽ നിന്ന് ഒഴിവാക്കണം.<br>a) റെയിൽവേ;<br>b) ദേശീയ ഹൈവേ;<br>c) ദേശീയ ജലമാർഗ്ഗങ്ങൾ;<br>d) വൻകിട തുറമുഖങ്ങൾ;<br>e) വ്യോമയാന മാർഗ്ഗങ്ങളും വിമാനത്താവളങ്ങളും;<br>f) പോസ്റ്റും ടെലിഗ്രാഫും , ടെലിഫോണുകൾ, വയർലെസ്സുകൾ, പ്രക്ഷേപണവും അതുപോലെയുള്ള വിനിമയ സമ്പ്രദായങ്ങളും;<br>g) പ്രാദേശിക വൈദ്യുതി വിതരണ ശൃംഖല;<br>h) ഏതെങ്കിലും സേവനങ്ങളുടെ പരിപാലനവും വികസനവും നടത്തിപ്പും സാമൂഹ്യ ജീവിതത്തിനനിവാര്യമാണെന്ന് സംസ്ഥാന സർക്കാരിന് അഭിപ്രായമുണ്ടെങ്കിൽ ഈ ഉപവാക്യത്തിന്റെ ഉദ്ദേശ്യത്തിലേക്കായി |

വിജ്ഞാപനം വഴി സർക്കാർ പ്രഖ്യാപിക്കുന്ന അത്തരത്തിലുള്ള എതൊരു സർവ്വീസും .

ചട്ടം 10 പ്രകാരം അഗ്നിസുരക്ഷാ ആവശ്യകതകൾ, ഘടനാ സ്ഥിരത, കെട്ടിടത്തിന്റെ പൊതു ആവശ്യകതകൾ എന്നിവയെ സംബന്ധിച്ചുള്ള ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കാത്ത താഴെ പറയുന്ന നിർമ്മാണങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് ആവശ്യമില്ലാത്തതാകുന്നു. അതായത് :-

(i) ജനാലകളോ കതകുകളോ വെന്റിലേറ്ററുകളോ സ്ഥാപിക്കുകയോ, നീക്കം ചെയ്യുകയോ ചെയ്യുന്നത് ;

(ii) പരസ്പര സമ്പർക്കമുള്ള വാതിലുകൾ സ്ഥാപിക്കുന്നത്;

(iii) ഇടഭിത്തികളുടെ സ്ഥാപനമോ നീക്കം ചെയ്യലോ;

(iv) ഏതെങ്കിലും സ്ഥിരമായ നിർമ്മാണങ്ങളൊഴിച്ചുകൊണ്ടുള്ള ഉദ്യാനം സ്ഥാപിക്കുന്നത്;

(v) വെള്ളനിറമോ അല്ലെങ്കിൽ വർണ്ണമോ പൂശുന്നത്;

(vi) പെയിന്റ് ചെയ്യുന്നത്;

(vii) കെട്ടിടത്തിനും പൊട്ടിപൊളിഞ്ഞ മേൽക്കൂരയ്ക്കും വേണ്ടിവരുന്ന ചില്ലറ അറ്റകുറ്റപണികൾക്ക് ;

(viii) കേടുപാടു തീർക്കലും തേച്ചുപിടിപ്പിക്കലും;

(ix) വ്യവസ്ഥകൾക്ക് വിധേയമായി ഘടനാ വ്യതിയാനം വരുത്താതെയുള്ള ആന്തരീക അലങ്കാരങ്ങൾ ചെയ്യുന്നതിന്;

(x) പ്ലോട്ടിനുള്ളിൽ തന്നെ കെട്ടിടത്തിന്റെ അല്ലെങ്കിൽ നിർമ്മാണത്തിന്റെ സ്ഥാനം മാറ്റുന്നത്.

**സെക്ഷൻ ഓഫീസർ**